# മധുരമായ കുട്ടികളെ– പരിധിയുള്ള ലോകത്തിലെ കൊള്ളരുതാത്ത കാര്യങ്ങളിൽ തന്റെ സമയം വ്യർത്ഥമാക്കരുത്, ബുദ്ധിയിൽ സദാ കുലീനമായ ചിന്തകൾ നടത്തണം.

**ചോദ്യം –** ഏത് കുട്ടികൾക്കാണ് ബാബയുടെ ഓരോ നിർദ്ദേശത്തെയും പ്രയോഗത്തിൽ വരുത്താൻ സാധിക്കുന്നത്?

**ഉത്തരം –** ആരാണോ അന്തർമുഖിയായിരിക്കുന്നത്, തന്റെ ഷോ ചെയ്യാത്തത്, ആത്മീയ ലഹരിയിലിരിക്കുന്നത്, അവർക്ക് തന്നെയാണ് ബാബയുടെ ഓരോ നിർദ്ദേശത്തെയും പ്രയോഗത്തിൽ വരുത്താൻ സാധിക്കുന്നത്. നിങ്ങൾ ഒരിക്കലും മിഥ്യാഹങ്കാരത്തിൽ വരരുത്. ഉള്ളുകൊണ്ട് വളരെ ശുദ്ധമായിരിക്കണം. ആത്മാവ് വളരെ നല്ലതായിരിക്കണം, ഒരു ബാബയോട് സത്യമായ സ്നേഹമുണ്ടായിരിക്കണം. ഒരിക്കലും ഉപ്പുവെള്ളം പോലെയുള്ള സംസ്ക്കാരമുണ്ടാവരുത്, അപ്പോൾ ബാബയുടെ ഓരോ നിർദ്ദേശവും പ്രായോഗികമാകും.

**ഓം ശാന്തി**. കുട്ടികൾ കേവലം ഓർമ്മയുടെ യാത്രയിൽ മാത്രമല്ല ഇരിക്കുന്നത്. നമ്മൾ ശ്രീമതത്തിലൂടെ തന്റെ സ്വർഗ്ഗം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ് എന്ന അഭിമാനം കുട്ടികൾക്ക് ഉണ്ടായിരിക്കും. ഇത്രയും ഉണർവും, സന്തോഷവും ഉണ്ടായിരിക്കണം. വ്യർത്ഥസംസാരം മുതലായ കൊള്ളരുതാത്ത കാര്യങ്ങൾ ഉപേക്ഷിക്കണം. പരിധിയില്ലാത്ത ബാബയെ കാണുമ്പോൾ തന്നെ ആനന്ദമുണ്ടാകണം. എത്രയും നിങ്ങൾ ഓർമ്മയുടെ യാത്രയിൽ ഇരിക്കുന്നുവോ അത്രയും പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കും. ബാബ പറയുകയാണ് കുട്ടികൾക്ക് വേണ്ടി ആത്മീയ യൂണിവേഴ്സിറ്റി ഉണ്ടാവണം. നിങ്ങളുടെത് മാത്രമാണ് വേൾഡ് ആത്മീയ യൂണിവേഴ്സിറ്റി. അപ്പോൾ ആ യുണീവേഴ്സിറ്റി എവിടെക്കിടക്കുന്നു? യൂണിവേഴ്സിറ്റി പ്രത്യേകമായി സ്ഥാപിക്കുകയാണ് ചെയ്യുക. അതോടൊപ്പം വളരെ റോയൽ ഹോസ്റ്റലും വേണം. നിങ്ങളുടെ ചിന്ത വളരെ കുലീനമായിരിക്കണം. ബാബയ്ക്ക് രാവും പകലും ഈ ചിന്തയാണ് – കുട്ടികളെ എങ്ങനെ പഠിപ്പിച്ച് ഇത്രയും ഉയർന്ന പരീക്ഷ വിജയിപ്പിക്കും? ഇതിലൂടെ പിന്നീട് ഈ വിശ്വത്തിലെ അധികാരിയാവുന്നവരാണ്. യഥാർത്ഥത്തിൽ നിങ്ങളുടെ ആത്മാവ് ശുദ്ധ സതോപ്രധാനമായിരുന്നു അപ്പോൾ ശരീരവും ഇത്രയും സതോപ്രധാന സുന്ദരമായിരുന്നു. രാജപദവിയും വളരെ ഉയർന്നതായിരുന്നു. പരിധിയുള്ള ലോകത്തിലെ വ്യർത്ഥമായ കാര്യങ്ങളിൽ നിങ്ങളുടെ സമയം വളരെയധികം പാഴാവുകയാണ്. നിങ്ങൾ വിദ്യാർത്ഥികളുടെ ഉള്ളിൽ മോശമായ ചിന്തകൾ ഉണ്ടാവാൻ പാടില്ല. വളരെ നല്ല നല്ല കമ്മിറ്റികളൊക്കെ ഉണ്ടാക്കുന്നുണ്ട്, പക്ഷെ യോഗബലമില്ല. ഞങ്ങൾ അത് ചെയ്യും, ഇത് ചെയ്യും എന്ന് വെറുതെ വാചകമടിക്കും. ഞാൻ ഇവരുടെ മൂക്കും ചെവിയും പിടിക്കുമെന്ന് മായയും പറയുന്നുണ്ട്. ബാബയോട് സ്നേഹമേയില്ല. പറയാറുണ്ടല്ലോ – മനുഷ്യൻ ആഗ്രഹിക്കുന്നത് ഒന്ന് പക്ഷെ നടക്കുന്നത് മറ്റൊന്ന്...... അപ്പോൾ മായ ഒന്നും ചെയ്യാൻ വിടുന്നില്ല. മായ വളരെയധികം ചതിക്കുന്നതാണ്, ചെവി തന്നെ മുറിച്ചു കളയുന്നു. ബാബ കുട്ടികളെ എത്ര ഉയർന്നവരാക്കുന്നു, നിർദേശം നൽകുകയാണ് – ഇങ്ങനെയിങ്ങനെയെല്ലാം ചെയ്യൂ. ബാബ വളരെ റോയലായിട്ടുള്ള പെൺകുട്ടികളെ അയക്കുന്നു. ചിലർ പറയുന്നു, ബാബാ ഞങ്ങൾ ട്രെയിനിംഗിന് പോകട്ടെ? അപ്പോൾ ബാബ പറയുന്നു – കുട്ടികളെ, ആദ്യം നിങ്ങൾ നിങ്ങളുടെ കുറവുകളെ ഇല്ലാതാക്കൂ. സ്വയം നോക്കൂ എന്നിൽ എന്തെല്ലാം അവഗുണങ്ങളുണ്ട്? നല്ല നല്ല മഹാരഥികളെ പോലും മായ ഒറ്റയടിക്ക് ഉപ്പുവെള്ളമാക്കി മാറ്റുന്നു. ഇങ്ങനെ ഈർഷ്യയുള്ള ചില കുട്ടികൾ ബാബയെ ഓർമ്മിക്കുന്നുപോലുമില്ല. ജ്ഞാനത്തിന്റെ ഒരു തരി പോലും അറിയുന്നില്ല. പുറത്ത് വളരെയധികം ഷോ ആണ്. ഇതിലാണെങ്കിൽ വളരെ അന്തർമുഖിയായിരിക്കണം, പക്ഷെ പലരിലും ഇങ്ങനെയുള്ള പെരുമാറ്റം ഉണ്ടാവുന്നു എങ്ങനെയാണോ വിദ്യാഭ്യാസമില്ലാത്തവർക്ക്, കുറച്ച് പൈസയുണ്ടാവുമ്പോൾ അവരിൽ ലഹരി വർദ്ധിക്കുന്നത്. ഇത് മനസ്സിലാക്കുന്നില്ല അതായത് നമ്മൾ ദരിദ്രരാണ് എന്നത്. മായ മനസ്സിലാക്കാൻ അനുവദിക്കുന്നില്ല. മായ വളരെ വലിയ ശക്തിശാലിയാണ്. ബാബ കുറച്ച് മഹിമ ചെയ്യുമ്പോഴേയ്ക്കും അതിൽ വളരെയധികം സന്തോഷിക്കുന്നു.

കുട്ടികൾ നല്ല രീതിയിൽ പഠിക്കുന്ന വളരെ ഫസ്റ്റ്ക്ലാസ്സായ ഒരു യൂണിവേഴ്സിറ്റി വേണമെന്ന് രാവും പകലും ബാബയിൽ ചിന്ത നടക്കുന്നു. നിങ്ങൾക്കറിയാം നമ്മൾ സ്വർഗത്തിൽ പോവുകയാണ്, എങ്കിൽ സന്തോഷത്തിന്റെ അതിര് കയറേണ്ടേ. ഇവിടെ ബാബ പല പ്രകാരത്തിലുള്ള ഡോസ് നൽകുകയാണ്, ലഹരി കയററുന്നു. ചില പാപ്പരായവരെ മദ്യം കുടിപ്പിച്ചാൽ മനസ്സിലാക്കും ഞാൻ ചക്രവർത്തിയാണെന്ന്. പിന്നീട് ലഹരി തീരുമ്പോൾ എങ്ങനെയായിരുന്നോ അതുപോലെ തന്നെയാവുന്നു. ഇപ്പോൾ ഇതാണെ

ങ്കിൽ ആത്മീയ ലഹരിയാണ്. നിങ്ങൾക്കറിയാം ആത്മീയ അച്ഛൻ ടീച്ചറായി മാറി നമ്മേ പഠിപ്പിക്കുകയും നിർദേശം നൽകുകയുമാണ് – ഇങ്ങനെയിങ്ങനെയെല്ലാം ചെയ്യൂ. ചില സമയങ്ങളിൽ ചിലർക്ക് മിഥ്യാഹങ്കാരവും വരുന്നുണ്ട്. മായയാണല്ലോ. പല വിധത്തിലുള്ള പ്രശ്നങ്ങളുണ്ടാക്കുന്നു, അക്കാര്യമേ ചോദിക്കേണ്ട. ഇത് നടക്കുകയില്ല എന്ന് ബാബ മനസ്സിലാക്കുന്നു. ഉള്ള് വളരെ ശുദ്ധമായിരിക്കണം. ആത്മാവ് വളരെ നല്ലതായിരിക്കണം. നിങ്ങളുടെ ലൗ മാരേജ് നടന്നു കഴിഞ്ഞല്ലോ. പ്രേമ വിവാഹമാണെങ്കിൽ എത്ര സ്നേഹമുണ്ടായിരിക്കും, ബാബയാണെങ്കിൽ പതിമാരുടെയും പതിയാണ്. അതും എത്ര പേരുടെ ലൗ മാരേജാണ് നടക്കുന്നത്. ഒരാളുടെ മാത്രമല്ല നടക്കുന്നത്. ശിവബാബയുമായി ഞങ്ങളുടെ വിവാഹ നിശ്ചയം കഴിഞ്ഞുവെന്ന് എല്ലാവരും പറയുന്നു. ഞങ്ങൾ സ്വർഗത്തിൽ പോയി ഇരിക്കും. സന്തോഷത്തിന്റെ കാര്യമാണല്ലോ. ബാബ നമ്മളെ എത്ര അലങ്കരിക്കുന്നുവെന്ന് ഉള്ളിൽ ഉണ്ടാവണം. ശിവബാബ ബ്രഹ്മാവിലൂടെ അലങ്കരിക്കുകയാണ്. നമ്മൾ ബാബയെ ഓർമ്മിച്ചോർമ്മിച്ച് സതോപ്രധാനമായി മാറുമെന്ന് നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഈ ജ്ഞാനം വേറെ ആർക്കും തന്നെ അറിയുകയില്ല. ഇതിൽ വളരെയധികം ലഹരിയുള്ളതാണ്. ഇപ്പോൾ ഇത്രയും ലഹരി വർദ്ധിക്കുന്നില്ല. തീർച്ചയായും വർദ്ധിക്കും. അതീന്ദ്രിയ സുഖം എന്താണെന്ന് ഗോപ ഗോപികമാരോട് ചോദിക്കൂ എന്ന പാട്ടുമുണ്ട്. ഇപ്പോൾ നിങ്ങളുടെ ആത്മാവ് എത്ര മോശമാണ്. മോശമായ അഴുക്കിൽ ഇരിക്കുന്നത് പോലെയാണ്. അവരെ ബാബ വന്ന് പരിവർത്തനപ്പെടുകയാണ്, പുനരുദ്ധാരണം ചെയ്യുകയാണ്. മനുഷ്യൻ കണ്ണട മാറ്റുമ്പോൾത്തന്നെ എത്ര സന്തോഷമാണ്. നിങ്ങൾക്കാണെങ്കിൽ ഇപ്പോൾ ബാബയെ ലഭിച്ചപ്പോൾ തോണി തന്നെ മറുകരയിലെത്തുന്നു. നമ്മൾ പരിധിയില്ലാത്ത ബാബയുടെതായി മാറിയെങ്കിൽ സ്വയത്തിൽ വളരെ പെട്ടന്ന് മാറ്റം വരുത്തണമെന്ന് മനസ്സിലാക്കി. രാവും പകലും ഇതേ സന്തോഷം, ഇതേ ചിന്തയിലിരിക്കണം – നോക്കൂ നിങ്ങൾക്ക് ആരെയാണ് ലഭിച്ചിരിക്കുന്നത്, സർവ്വാധികാരിയെ! രാവും പകലും ഇതേ ചിന്തയിലിരിക്കണം. ആരാണോ നല്ല രീതിയിൽ മനസ്സിലാക്കിയത്, തിരിച്ചറിഞ്ഞത്, അവർക്ക് പറക്കുന്നത് പോലെ തോന്നും.

നിങ്ങൾ കുട്ടികളിപ്പോൾ സംഗമത്തിലാണ്. ബാക്കി അവരെല്ലാവരും അഴുക്കിൽ പെട്ടിരിക്കുകയാണ്. ചപ്പുചവറുള്ളിടത്ത് കുടിലുകൾ ഉണ്ടാക്കി അഴുക്കിലിരിക്കാറുണ്ടല്ലോ, അതുപോലെ. എത്രയധികം കുടിലുകളാണ് ഉണ്ടാക്കിരിക്കുന്നത്. ഇതാണെങ്കിൽ പരിധിയില്ലാത്ത കാര്യമാണ്. ഇപ്പോൾ അതിൽ നിന്നെല്ലാം മോചിപ്പിക്കുന്നതിന് വേണ്ടി ശിവബാബ നിങ്ങൾക്ക് വളരെ സഹജമായ യുക്തികൾ പറഞ്ഞു തരുകയാണ്. മധുര മധുരമായ കുട്ടികളെ നിങ്ങൾക്കറിയാമല്ലോ ഈ സമയം നിങ്ങളുടെ ആത്മാവും ശരീരവും രണ്ടും പതിതമാണ്. ഇപ്പോൾ നിങ്ങൾ പുറത്തു വന്നിരിക്കുകയാണ്. ആരെല്ലാം പുറത്തു വന്നുവോ അവരിൽ ജ്ഞാനത്തിന്റെ ഉച്ചാവസ്ഥയാണല്ലോ. നിങ്ങൾക്ക് ബാബയെ ലഭിച്ചുവെങ്കിൽ പിന്നെ എന്ത് വേണം! ഈ ലഹരി എപ്പോൾ വർദ്ധിക്കുന്നുവോ അപ്പോൾ നിങ്ങൾക്ക് മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ബാബ വന്നു കഴിഞ്ഞു. ബാബ നമ്മൾ ആത്മാവിനെ പവിത്രമാക്കുന്നു. ആത്മാവ് പവിത്രമാകുന്നതിലൂടെ ശരീരവും ഫസ്റ്റ് ക്ലാസ്സായത് ലഭിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ആത്മാവ് എവിടെയാണിരിക്കുന്നത്? ഈ കുടിൽ (ശരീരത്തിൽ) ഇരിക്കുന്നു. തമോപ്രധാന ലോകമല്ലേ. അഴുക്കിന്നടുത്ത് പോയി ഇരിക്കുകയാണല്ലോ. നമ്മൾ എവിടെ നിന്ന് വന്നവരാണ് ചിന്തിക്കൂ. ബാബ അഴുക്ക് ചാലിൽ നിന്ന് പുറത്തെടുത്തിരിക്കുകയാണ്. ഇപ്പോൾ നമ്മുടെ ആത്മാവ് ശുദ്ധമായി മാറും. താമസിക്കുന്നവരും ഫസ്റ്റ്ക്ലാസ്സ് കൊട്ടാരം ഉണ്ടാക്കും. നമ്മുടെ ആത്മാവിനെ ബാബ അലങ്കരിച്ച് സ്വർഗത്തിലേയ്ക്ക് കൂട്ടികൊണ്ടു പോവുകയാണ്. കുട്ടികളുടെ ഉള്ളിൽ ഇങ്ങനെയുള്ള ചിന്തകൾ വരണം. ബാബ എത്രയാണ് ലഹരി വർദ്ധിപ്പിക്കുന്നത്. നിങ്ങൾ ഇത്രയും ഉയർന്നതായിരുന്നു പിന്നീട് വീണ് വീണ് വന്ന് താഴെയ്ക്ക് പതിച്ചിരിക്കുകയാണ്. ശിവാലയത്തിലായിരുന്നപ്പോൾ ആത്മാവ് അത്രയും പവിത്രമായിരുന്നു. അതുകൊണ്ട് അപ്പോൾ പരസ്പരം കുടി ചേർന്ന് ശിവാലയത്തിലേയ്ക്ക് പോകാനുള്ള ഉപായം ഉണ്ടാക്കണം.

ബാബയ്ക്ക് അത്ഭുതം തോന്നുകയാണ് – കുട്ടികൾക്ക് ആ ബുദ്ധിയില്ല! ബാബ നമ്മേ എവിടെ നിന്നാണ് പുറത്തു കൊണ്ട് വന്നിരിക്കുന്നത്! പാണ്ഡവ ഗവൺമെന്റ് സ്ഥാപിക്കുന്നത് ബാബയാണ്. ഭാരതം സ്വർഗമായിരുന്നു ഇപ്പോൾ നരകമാണ്. ആത്മാവിന്റെ കാര്യമാണ്. ആത്മാവിനോട് തന്നെയാണ് ദയ തോന്നുന്നത്. പാടെ ആത്മാവ് തമോപ്രധാന ലോകത്ത് വന്നിരിക്കുകയാണ് അതുകൊണ്ട് ബാബയെ ഓർമ്മിക്കുന്നു – ബാബാ, ഞങ്ങളെ അവിടെയ്ക്ക് കൊണ്ടു പോകൂ. ഇവിടെ ഇരുന്നും നിങ്ങൾക്ക് ഈ ചിന്ത ഉണ്ടാവണം അതുകൊണ്ട് ബാബ പറയുകയാണ് കുട്ടികൾക്ക് വേണ്ടി ഫസ്റ്റ്ക്ലാസ്സ് യൂണിവേഴ്സിറ്റി ഉണ്ടാക്കൂ. കല്പ കല്പം ഉണ്ടാക്കുന്നു. നിങ്ങളുടെ ചിന്ത വളരെ രാജകീയമാകണം. ഇപ്പോൾ ആ ലഹരി നിങ്ങളിൽ വർദ്ധിക്കുന്നില്ല. ലഹരിയുണ്ടെങ്കിൽ എന്തല്ലാം ചെയ്തു കാണിക്കുമെന്നറിയില്ല. കുട്ടികൾ യൂണിവേഴ്സിറ്റിയുടെ അർത്ഥം മനസ്സിലാക്കുന്നില്ല. ആ രാജകീയതയുടെ ലഹരിയിൽ ഇരിക്കുന്നില്ല. മായ അടിച്ചമർത്തിയിരിക്കുന്നു. ബാബ മനസ്സിലാക്കി തരുകയാണ് കുട്ടികളെ തന്റെ തലകീഴായ ലഹരി വർദ്ധിപ്പിക്കരുത്. ഓരോരുത്തരും അവരവരുടെ യോഗ്യത നോക്കൂ. നമ്മൾ എങ്ങനെയാണ് പഠിക്കുന്നത്, എന്ത് സഹായമാണ് ചെയ്യുന്നത്, കേവലം വാക്കുകളുടെ പക്കാവട കഴിക്കരുത്. എന്താണോ പറയുന്നത് അത്

ചെയ്യണം. അത് ചെയ്യും, ഇത് ചെയ്യും എന്ന് വെറുതെ വാചകമടിക്കരുത്. ഇത് ചെയ്യുമെന്ന് ഇന്ന് പറയും, നാളെ മരണം വന്നാൽ എല്ലാം അവസാനിക്കും. സത്യയുഗത്തിൽ ഇങ്ങനെയൊന്നും പറയുകയില്ല. അവിടെ ഒരിക്കലും അകാലമൃത്യൂ ഉണ്ടാകുന്നില്ല. കാലന് വരാൻ സാധിക്കുകയില്ല. അത് സുഖധാമം തന്നെയാണ് . സുഖധാമത്തിൽ കാലന് വരാൻ ആജ്ഞയില്ല. രാവണ രാജ്യത്തിന്റെയും രാമ രാജ്യത്തിന്റെയും അർത്ഥവും മനസ്സിലാക്കണം. ഇപ്പോൾ നിങ്ങളുടെ യുദ്ധം രാവണനുമായിട്ടാണ്. ദേഹാഭിമാനവും അത്ഭുതം കാണിക്കുന്നു, അത് തികച്ചും പതിതമാക്കി മാറ്റുന്നു. ദേഹീ അഭിമാനിയാകുന്നതിലൂടെ ആത്മാവ് ശുദ്ധമാകുന്നു. അവിടെ നമ്മുടെ കൊട്ടാരം എങ്ങനെയാണ് ഉണ്ടാക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇപ്പോൾ നിങ്ങൾ സംഗമത്തിൽ വന്നിരിക്കുകയാണ്. നമ്പർവാറായി മാറികൊണ്ടിരിക്കുകയാണ്, യോഗ്യരായി മാറികൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ആത്മാവ് പതിതമായതു കാരണം ശരീരവും പതിതമായത് ലഭിച്ചിരിക്കുന്നു. ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ് നിങ്ങളെ സ്വർഗവാസിയാക്കുന്നതിന്. ഓർമ്മയോടൊപ്പം ദൈവീക ഗുണവും വേണം. ചിറ്റമ്മയുടെ വീട്ടിലേയ്ക്ക് പോകുന്നത്ര എളുപ്പമല്ല. നമ്മേ നരനിൽ നിന്ന് നാരായണനാക്കി മാറ്റുന്നതിനായി ബാബ വന്നിരിക്കുകയാണെന്ന് മനസ്സിലാക്കി പക്ഷെ മായയുടെത് വളരെ ഗുപ്തമായ ശത്രുവാണ്. നിങ്ങളുടെ യുദ്ധം വളരെ ഗുപ്തമാണ് അതുകൊണ്ട് നിങ്ങളെ രഹസ്യ യോദ്ധാവെന്ന് പറയുന്നു. രഹസ്യ യോദ്ധാക്കൾ വേറെ ആരും തന്നെ ഉണ്ടായിരിക്കുകയില്ല. നിങ്ങളുടെ പേര് തന്നെ യോദ്ധാവെന്നാണ്. വേറെ എല്ലായിടത്തും രജിസ്റ്ററിൽ പേരുണ്ടായിരിക്കും. രഹസ്യ യോദ്ധാക്കളായ നിങ്ങളുടെ അടയാളം അവർ കണ്ടുപിടിച്ചിരിക്കുകയാണ്. നിങ്ങൾ വളരെ ഗുപ്തമാണ്, ആർക്കും അറിയുകയില്ല. നിങ്ങൾ വിശ്വത്തിന്റെ മേൽ വിജയം നേടികൊണ്ടിരിക്കുകയാണ് മായയെ വശത്താക്കുന്നതിന് വേണ്ടി. നിങ്ങൾ ബാബയെ ഓർമ്മിക്കുന്നു എന്നിട്ടും മായ മറപ്പിക്കുകയാണ്. കല്പ കല്പം നിങ്ങൾ തന്റെ രാജ്യം സ്ഥാപന ചെയ്യുന്നു. അതിനാൽ നിങ്ങൾ കേവലം ബാബയെ ഓർമ്മിക്കുന്ന രഹസ്യമായ യോദ്ധാക്കളാണ്. ഇതിൽ കൈയ്യും കാലും ചലിപ്പിക്കേണ്ട കാര്യമില്ല. ഓർമ്മിക്കുന്നതിനുവേണ്ടി ബാബ അനേകം യുക്തികൾ പറഞ്ഞു തരുന്നു. നിങ്ങൾ നടക്കുമ്പോഴും കറങ്ങുമ്പോഴും ഓർമ്മയുടെ യാത്ര ചെയ്യൂ, പഠിക്കുകയും ചെയ്യൂ. നമ്മൾ എന്തായിരുന്നു, എന്തായി മാറുന്നുവെന്ന് ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി. ഇപ്പോൾ വീണ്ടും ബാബ നമ്മേ എന്താക്കി മാറ്റുന്നു. വളരെ സഹജമായ യുക്തികളാണ് പറഞ്ഞു തരുന്നത്. എവിടെ ഇരുന്നും ഓർമ്മിക്കൂ അപ്പോൾ ഭാരം ഇറങ്ങും. കല്പ കല്പം ഈ യുക്തികളെല്ലാം നൽകികൊണ്ടിരിക്കുകയാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ സതോപ്രധാനമായി മാറും, വേറെ ഒരു ബന്ധനവുമില്ല. ബാത്റൂമിൽ പോകുമ്പോൾ പോലും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ആത്മാവിലെ അഴുക്ക് ഇല്ലാതാകും. ആത്മാവിന് യാതൊരു തിലകവും ആവശ്യമില്ല, ഇതെല്ലാം ഭക്തി മാർഗത്തിലെ അടയാളങ്ങളാണ്. ഈ ജ്ഞാന മാർഗത്തിൽ ഇതിന്റെയൊന്നും ആവശ്യമില്ല, അണാ പൈസയുടെ ചിലവുമില്ല. വീട്ടിലിരുന്ന് ഓർമ്മിച്ചു കൊണ്ടിരിക്കൂ. എത്ര സഹജമാണ്. ബാബ നമ്മുടെ അച്ഛനുമാണ്, ടീച്ചറും ഗുരുവുമാണ്.

ആദ്യം അച്ഛന്റെ ഓർമ്മ, പിന്നീട് ടീച്ചറിന്റെ പിന്നെ ഗുരുവിന്റെ, നിയമം അങ്ങനെയാണ് പറയുന്നത്. ടീച്ചറെയാണെങ്കിൽ തീർച്ചയായും ഓർമ്മിക്കും, ടീച്ചറിൽ നിന്നും പഠിപ്പിന്റെ സമ്പത്ത് ലഭിക്കുന്നു പിന്നീട് വാനപ്രസ്ഥ അവസ്ഥയിൽ ഗുരുവിനെ ലഭിക്കുന്നു. ഈ ബാബയാണെങ്കിൽ എല്ലാം ഹോൾസെയിലായി നൽകുന്നു. നിങ്ങൾക്ക് 21 ജന്മത്തേയ്ക്കുള്ള രാജ്യം മൊത്തമായി നൽകുന്നു. വിവാഹത്തിന് കന്യകയ്ക്ക് ഗുപ്തമായി സ്ത്രീധനം നൽകാറുണ്ടല്ലോ. ഷോ ചെയ്യേണ്ട ആവശ്യമില്ല. ഗുപ്തദാനമെന്ന് പറയുന്നു. ശിവബാബയും ഗുപ്തമാണല്ലോ, ഇതിൽ അഹങ്കാരത്തിന്റെ ഒരു കാര്യവുമില്ല. ചിലർക്ക് എല്ലാവരും കാണട്ടെ എന്ന അഹങ്കാരമുണ്ടായിരിക്കും. ഇവിടെ എല്ലാം ഗുപ്തമാണ്. ബാബ നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തി പദവി സ്ത്രീധനമായി നൽകുകയാണ്. വളരെ ഗുപ്തമായാണ് നിങ്ങളെ അലങ്കരിച്ചുകൊണ്ടിരിക്കുന്നത്. എത്ര വലിയ സ്ത്രീധനമാണ് ലഭിക്കുന്നത്. ബാബ എങ്ങനെയാണ് യുക്തിയോടെ നൽകുന്നത്, ആർക്കും അറിയുകയില്ല. ഇവിടെ നിങ്ങൾ യാചകരാണ്, വായിൽ സ്വർണ്ണ കരണ്ടിയുമായായിരിക്കും അടുത്ത ജന്മം. നിങ്ങൾ സ്വർണ്ണിമ ലോകത്തിലേയ്ക്ക് പോവുകയാണല്ലോ. അവിടെ എല്ലാം സ്വർണ്ണത്തിന്റെതായിരിക്കും. സമ്പന്നരുടെ കൊട്ടാരങ്ങൾ നന്നായി അലങ്കരിച്ചതായിരിക്കും. തീർച്ചയായും വ്യത്യാസം ഉണ്ടാവും. ഇതും ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി – മായ ഇപ്പോൾ എല്ലാവരെയും തലകീഴായി തൂക്കിയിട്ടിരിക്കുകയാണ്. ഇപ്പോൾ ബാബ വന്നിരിക്കുന്നു അതിനാൽ കുട്ടികളിൽ എത്ര ഉത്സാഹമുണ്ടായിരിക്കണം. പക്ഷെ മായ മറപ്പിക്കുകയാണ് – ബാബയുടെ നിർദ്ദേശമാണോ അതോ ബ്രഹ്മാവിന്റെയോ? സഹോദരന്റെയാണോ അതോ അച്ഛന്റെയാണോ? ഇതിൽ വളരെ ആശയക്കുഴപ്പത്തിൽ വരുന്നു. ബാബ പറയുന്നു നല്ലതോ ചീത്തയോ – ബാബയുടെ നിർദ്ദേശമാണെന്ന് നിങ്ങൾ മനസ്സിലാക്കൂ. അതിലൂടെ നടക്കൂ. ഇതിൽ എന്തെങ്കിലും തെറ്റ് സംഭവിക്കുകയാണെങ്കിൽ തന്നെ തെറ്റില്ലാത്തവരാക്കും. അദ്ദേഹത്തിലും(ബ്രഹ്മാബാബ) ശക്തിയുണ്ടല്ലോ. ഇദ്ദേഹം എങ്ങനെയാണ് പെരുമാറുന്നത്, ശിരസ്സിൽ ആരാണിരിക്കുന്നത് എന്ന് നിങ്ങൾ കാണുന്നുണ്ട്. ശരിക്കും അടുത്താണിരിക്കുന്നത്. ഗുരു ജനങ്ങൾ കൂടെയിരുത്തി പഠിപ്പി

ക്കാറുണ്ടല്ലോ. എന്നാലും ഇദ്ദേഹത്തിന് പരിശ്രമിക്കേണ്ടി വരുന്നു. തമോപ്രധാനത്തിൽ നിന്നും സതോ പ്രധാനമായി മാറുന്നതിനു വേണ്ടി പുരുഷാർത്ഥം ചെയ്യേണ്ടി വരുന്നു.

ബാബ പറയുന്നു എന്റെ ഓർമ്മയിൽ ഭോജനം ഉണ്ടാക്കൂ. ശിവബാബയുടെ ഓർമ്മയിലുള്ള ഭോജനം വേറെ ആർക്കും ലഭിക്കുകയില്ല. ഇപ്പോഴത്തെ ഭോജനത്തിന്റേത് തന്നെയാണ് മഹിമയുള്ളത്. ആ ബ്രാഹ്മണർ കേവലം സ്തുതി പാടുന്നു പക്ഷെ അർത്ഥമൊന്നും മനസ്സിലാക്കുന്നില്ല. മഹിമ ചെയ്യുന്നു, പക്ഷെ ഒന്നും മനസ്സിലാക്കുന്നില്ല. ഇത്രയും മനസ്സിലാക്കിത്തരികയാണ് അതായത് ഇവർ ധാർമ്മിക ചിന്താഗതിക്കാരാണ് എന്തുകൊണ്ടെന്നാൽ പൂജാരിയാണ്. സത്യയുഗത്തിൽ ധാർമ്മിക ചിന്തയുടെ കാര്യം തന്നെയില്ല, അവിടെ ഭക്തിയില്ല. ഇതും ആർക്കും അറിയുകയില്ല – ഭക്തി എന്ത് വസ്തുവാണ്. ജ്ഞാനം, ഭക്തി, വൈരാഗ്യം എന്ന് പറഞ്ഞിരുന്നു. എത്ര ഫസ്റ്റ്ക്ലാസ്സ് അക്ഷരമാണ്. ജ്ഞാനം പകൽ, ഭക്തി രാത്രി. പിന്നീട് രാത്രിയോട് വൈരാഗ്യം വരുമ്പോൾ പകലിലേയ്ക്ക് പോകുന്നു. എത്ര വ്യക്തമാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാ ക്കിയതിനാൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ട കാര്യമില്ല. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. ഞാൻ നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനാണ്, സൃഷ്ടി ചക്രത്തെക്കുറിച്ച് അറിയുന്നതും വളരെ സഹജമാണ്. ബീജത്തെയും വൃക്ഷത്തെയും ഓർമ്മിക്കൂ. ഇപ്പോൾ കലിയുഗത്തിന്റെ അവസാനമാണ് പിന്നീട് സത്യയുഗം വരുന്നു. ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിൽ പുഷ്പമായി മാറുന്നു. ആത്മാവ് സതോപ്രധാനമായി മാറുമ്പോൾ പിന്നീട് താമസിക്കുന്നതിനും സതോപ്ര ധാന കൊട്ടാരം ലഭിക്കും. ലോകം തന്നെ പുതിയതായി മാറും. അതുകൊണ്ട് കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. സദാ ഈ ലഹരിയിൽ ഇരിക്കൂ എന്തെന്നാൽ നമ്മൾ ശ്രീമതത്തിലൂടെ തന്റെ പരിസ്ഥാൻ (സ്വർഗം) സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കൊള്ളരുതാത്ത മോശമായ കാര്യങ്ങളെല്ലാം ഉപേക്ഷിച്ച് വളരെ ഉല്ലാ സത്തിലിരിക്കണം.

2. തന്റെ ചിന്ത വളരെ ശ്രേഷ്ഠമായിരിക്കണം. വളരെ നല്ല റോയൽ യൂണിവേഴ്സിറ്റിയും ഹോസ്റ്റലും തുറ ക്കുന്നതിലുള്ള ഏർപ്പാട് ചെയ്യണം. ബാബയുടെ ഗുപ്ത സഹായിയായി മാറണം, തന്റെ ഷോ ചെയ്യരുത്.

## വരദാനം : നിമിത്തമായി ഏതൊരു സേവനം ചെയ്തും പരിധിയില്ലാത്ത മനോവൃത്തിയി ലൂടെ വൈബ്രേഷൻ പരത്തുന്ന പരിധിയില്ലാത്ത സേവാധാരിയായി ഭവിക്കട്ടെ.

ഇപ്പോൾ പരിധിയില്ലാത്ത പരിവർത്തനത്തിന്റെ സേവനത്തിൽ തീവ്രഗതി കൊണ്ടുവരൂ. ചെയ്തുകൊണ്ടി രിക്കുകയാണല്ലോ, സമയം കിട്ടാത്ത അത്രയും ബിസിയായിരിക്കുകയാണല്ലോ എന്നല്ല. പക്ഷെ നിമിത്ത മായി ഏതൊരു സേവനം ചെയ്തുകൊണ്ടും പരിധിയില്ലാത്ത സഹായോഗി ആകാൻ കഴിയും, കേവലം മനോവൃത്തി പരിധിയില്ലാത്തതിലാണെങ്കിൽ വൈബ്രേഷൻ പരന്നുകൊണ്ടിരിക്കും. എത്രത്തോളം പരിധി യില്ലാത്തതിൽ ബിസിയായിരിക്കുമോ എന്ത് ഉത്തരവാദിത്തമാണോ ഉള്ളത് അത് കൂടുതൽ സഹജമായി മാറും. ഓരോ സങ്കല്പവും ഓരോ സെക്കന്റും ശ്രേഷ്ഠ വൈബ്രേഷൻ പരത്തുന്ന സേവനം ചെയ്യുക തന്നെയാണ് പരിധിയില്ലാത്ത സേവാധാരിയാകുക.

## സ്ലോഗൻ – ശിവ ബാബയ്ക്കൊപ്പം കംബൈൻഡ് ആയി കഴിയുന്ന ശിവശക്തികളുടെ അലങ്കാരമാണ് ജ്ഞാനത്തിന്റെ അസ്ത്ര ശാസ്ത്രങ്ങൾ.